"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്-പ്രളയ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്ന കുമരകം എസ്.എൻ കോളേജിൽ വനിതകൾക്കായി ശുചിമുറി സ്ഥാപിക്കുന്ന പ്രോജക്റ്റിന് പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1749/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/09/2020

---

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 1/07/2020-ലെ കത്ത്.

2 12/08/2020-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.25.

**ഉത്തരവ്**

2018, 2019 വർഷങ്ങളിൽ ഉണ്ടായ മഹാപ്രളയത്തിൽ അഞ്ഞൂറോളം ആളുകളെ മാറ്റിപ്പാർപ്പിച്ച ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചത് കുമരകം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കുമരകം എസ്.എൻ കോളേജാണ്. ഇനിയും ഇത്തരം പ്രളയങ്ങൾ ഉണ്ടായാൽ കുമരകം നിവാസികളുടെ ആശ്രയ കേന്ദ്രങ്ങളിൽ ഒന്ന് കുമരകം എസ്.എൻ കോളേജ് ആണ്. പ്രളയ കാലത്ത് ജനങ്ങൾ ഏറ്റവും അധികം ബുദ്ധിമുട്ടിയിരുന്നത് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാൻ നിർവാഹമില്ല എന്നതായിരുന്നു. വരും കാലങ്ങളിലെ പ്രളയ സാധ്യതകൾ മുന്നിൽകണ്ട് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്ന കുമരകം എസ്.എൻ കോളേജിൽ വനിതകൾക്കായി ശുചിമുറി സ്ഥാപിക്കുന്ന പ്രോജക്റ്റിന് അനുമതി നല്കണമെന്ന കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അപേക്ഷ പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുമരകം ഭാഗം പ്രളയം ബാധിക്കുന്ന പ്രദേശമായതിനാലും ഈ കോളേജ് പ്രളയ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്നതിനാലും കുമരകം എസ്.എൻ കോളേജിൽ വനിതകൾക്കായി ശുചിമുറി സ്ഥാപിക്കുന്ന പ്രോജക്റ്റിന്(385/2021) പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by EENAMMA P A
Date: 2020.09. 4:23:10 IST
Reason: Approved
സെക്ഷൻ ഓഫീസർ